# പതിനാലാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ - 5081 | 27.06.2019 ൽ മറുപടിക്ക്

## ബിനു കുരുവിളയ്ക്ക് നേരെയുണ്ടായ ആക്രമണം

| ചോദ്യം | | ഉത്തരം |
|---|---|---|
| ശ്രീ.മാത്യു റ്റി.തോമസ് | | പിണറായി വിജയൻ (മുഖ്യമന്ത്രി) |
| (എ) | തിരുവല്ല പടിഞ്ഞാറ്റതറ കല്ലേമണ്ണിൽ ബിനു കുരുവിള മാരകമായി ആക്രമിക്കപ്പെട്ട സംഗതി അന്വേഷണം ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്താമോ; | (എ) & (ബി) തിരുവല്ല പടിഞ്ഞാറ്റതറ കല്ലേമണ്ണിൽ ബിനു കുരുവിളയെ ആക്രമിച്ചത് സംബന്ധിച്ച് തിരുവല്ല പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത ക്രൈം നം.658/2018 എന്ന കേസ് ക്രൈം ബ്രാഞ്ചിൽ ക്രൈം നം. 114/CR/HHW-1/TVPM/2018 ആയി റീ നമ്പർ ചെയ്ത് അന്വേഷണം നടത്തി വന്നിരുന്നതും, തുടർന്ന് 14-01-19 തീയതിയിലെ ബഹു.കേരള ഹൈക്കോടതി ഉത്തരവ് നമ്പർ WP(C) 40546/2018 പ്രകാരം അന്വേഷണം 27-02-2019 തീയതിയിൽ ക്രൈം ബ്രാഞ്ചിൽ നിന്നും സി.ബി.ഐ ക്ക് കൈമാറിയിട്ടുള്ളതുമാണ്. |
| (ബി) | ഏത് ഏജൻസിയാണ് ഇപ്പോൾ അന്വേഷണം നടത്തുന്നതെന്ന് അറിയിക്കാമോ; | |
| (സി) | എന്നാണ് അക്രമണമുണ്ടായിട്ടുള്ളതെന്നും പ്രതികളെ ഇതിനകം കണ്ടെത്താനായിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ; | (സി) ആക്രമണം നടന്നത് 07.04.2018 ൽ 23.25 മണിക്കാണ്. 27.02.2019 തീയതി വരെയുള്ള അന്വേഷണത്തിൽ പ്രതികളെ കണ്ടെത്താനായിട്ടില്ല. |
| (ഡി) | ഇത് സംബന്ധിച്ച് 4-10-2018-ൽ നൽകിയ കത്തിന്റെ മറുപടിയായി 13-11-18-ലെ നം.ജി 181000976/2018/സി.എം.ഒ കത്തിൽ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരം മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നും നാളിതുവരെ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ? | (ഡി) G181000976 ഡോക്കറ്റ് നമ്പർ പ്രകാരമുള്ള പരാതി ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി 11.10.2018 ന് സി.എം.ഒ പോർട്ടൽ മുഖേന സംസ്ഥാന പോലീസ് മേധാവിക്ക് കൈമാറി നൽകിയിരുന്നു. പരാതിയിന്മേൽ പത്തനംതിട്ട ജില്ലാ പോലീസ് മേധാവി നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ